പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2341 14.06.2019 ലെ മറുപടിക്ക്

**കയർ ഉല്പന്നമേഖലയുടെ ഉന്നമനത്തിനായി നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയറിന്റെയും കയർ ഉല്പന്ന മേഖലയുടെയും ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന.<br>രണ്ടാം പുന:സംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് വിപണനം നടത്തുന്നതിനായി പ്രൈസ് ഫ്ളക്ച്യുവേഷൻ സ്കീം നടപ്പിലാക്കി വരുന്നു. 2015-16 നെ അപേക്ഷിച്ച് 2018-19 വർഷത്തിൽ, കയർ സംഭരണത്തിൽ കയർഫെഡ് 100.03 % വർദ്ധനവും ഉൽപ്പന്ന സംഭരണത്തിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 58 % വർദ്ധനവും കൈവരിച്ചു. കയർ മേഖലയിലുണ്ടായ ഉണർവാണ് ഇത് കാണിക്കുന്നത്. |
| ബി) കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | ബി) കയർതൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>_പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ)_<br>പി.എം.ഐ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു.ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി |

| | |
|---|---|
| | തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.<br><u>മാനേജീരിയൽ സബ്സിഡി & ഗ്രാറ്റുവിറ്റി:</u><br>സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-2019 സാമ്പത്തിക വർഷം **2,51,90,500/-** രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്<br>പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 01/04/2006 മുതൽ 31/07/2018 വരെയുള്ള കാലയളവിൽ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്കും തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ ആകെ **4,53,89,516/-**രൂപ അനുവദിക്കുകയുണ്ടായി.<br>**<u>കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**<br>2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ **84,12,00,000/-** രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി മുഖേന **10** കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള **18,17,06,000/-** രൂപയും കയർ തൊഴിലാളികൾക്ക് ക്ഷേമനിധി |

| | |
|---|---|
| | ബോർഡ് മുഖേന 2018 ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ **112.29** കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.<br><br>കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക **600/-** രൂപയിൽ നിന്നും **1100/-** രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക **1000/-** രൂപയിൽ നിന്നും **15,000/-** രൂപയായി വർദ്ധിപ്പിച്ചു. **41,400** കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് **22.25** കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ